**പതിമൂന്നാം കേരള നിയമസഭ**

**എട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 485. 19.03.2013 ൽ മറുപടിയ്ക്ക്

## ടിപ്പർ ലോറി അപകടം ഒഴിവാക്കുന്നതിന് നടപടി

| ചോദ്യം<br>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി |
|---|---|---|
| സംസ്ഥാനത്ത് ടിപ്പർ ലോറി മുഖേന വ്യാപകമായി വരു ന്ന അപകടം ഒഴിവാക്കുന്ന തിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെ ന്ന് വിശദമാക്കുമോ ? | | സംസ്ഥാനത്ത് ഓടുന്ന ടിപ്പർ ലോറികൾ ഉൾപ്പെടെയുള്ള എല്ലാ ഹെവി ട്രാൻസ്പോർട്ട് വാഹനങ്ങൾക്കും, AIS : 018 സ്റ്റാൻഡേർഡിലുള്ള സ്പീഡ് ഗവർണ്ണർ നിർബന്ധമാക്കിക്കൊണ്ട് 29/07/2006 ലെ SRO നം. 568/06 പ്രകാരം സർക്കാർവിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ടിപ്പർ ലോറികൾ മൂലമുണ്ടാകുന്ന അപകടങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യം കണക്കിലെടുത്ത്, 1988 ലെ മോട്ടോർ വാഹന നിയമത്തിലെ സെക്ഷൻ 115 ൽ നിക്ഷിപ്തമായ അധികാരമുപയോഗിച്ച് സംസ്ഥാനത്തുടനീളം, രാവിലെ 8 മണി മുതൽ 10 മണി വരെയും വൈകിട്ട് 3 മണി മുതൽ 5 മണി വരെയും, ടിപ്പർ ലോറികൾ ഓടുന്നതിന് നിയന്ത്രണം ഏർപ്പെടുത്തി കൊണ്ട് 15/12/2012 ലെ SRO നം. 864/12 പ്രകാരം സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.